Draft #3 of File 16808(A)/2/CTE-EPF/SFI/2019 Approved by DEPUTY REGISTRAR (P & D) on 27-Oct-2020 03:08 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾ - സർവകലാശാലയുടെ അക്കൗണ്ട് നമ്പറുകൾ ഇ.പി.എഫ് ഓർഗനൈസേഷന് നൽകുന്നതു സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സെൽഫ് ഫിനാൻസിങ് 1 സെക്ഷൻ**

നമ്പർ. 4979/SF 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2020

---

*പരാമർശം:*-1) 10.04.2019 തീയതിയിലെ ഇ.പി.എഫ് എൻഫോഴ്സ്മെൻറ് ഓഫീസറുടെ കത്ത് നം. KR/KTM/20185/EO/PBB/2019

2) 13.10.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 75/20.05/DDFS-16808(A)/2/CTE-EPF/SFI/2019

**ഉത്തരവ്**

2016-17 അദ്ധ്യയന വർഷം വരെ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനമായ ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലെ അർഹരായ ജീവനക്കാരെ യഥാസമയം ഇ.പി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതിനെ തുടർന്ന് ഇ.പി.എഫ് ഓർഗനൈസേഷൻറെ ഉത്തരവ് പ്രകാരം 12 ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലെ 58 ജീവനക്കാരെ ഇ.പി.എഫ് -ൽ ഉൾപ്പെടുത്തുകയും 1993 ജൂൺ മുതൽ 2012 ഡിസംബർ വരെയുള്ള കാലയളവിലെ തൊഴിൽദാതാവിൻറെയും തൊഴിലാളിയുടെയും വിഹിതം ഉൾപ്പെടെ 86,33,728/- രൂപ 2013 ൽ സർവകലാശാല ഒടുക്കേണ്ടിവരികയും പ്രസ്തുത തുകയിൽ ജീവനക്കാരുടെ വിഹിതമിനത്തിൽ ഒടുക്കിയ 41,33,728/- രൂപ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കുവാൻ ആരംഭിക്കുകയുമുണ്ടായി. എന്നാൽ ജീവനക്കാരുടെ മുൻകാല ഇ.പി.എഫ് വിഹിതം അവരുടെ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കുന്ന നടപടി ഇ.പി.എഫ് ഓർഗനൈസേഷൻറെ നിർദ്ദേശത്തെ തുടർന്ന് നിർത്തിവെക്കുകയുണ്ടായി.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിച്ച തുക പലിശയടക്കം തിരിച്ചുനൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലെ 21 ജീവനക്കാർ ഇ.പി.എഫ് ഓർഗനൈസേഷന് നൽകിയ പരാതിയിൻമേൽ സർവ്വകലാശാല ഇ.പി.എഫ് ഓർഗനൈസേഷന് വിശദീകരണം നൽകുകയുമുണ്ടായി.

എന്നാൽ സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഇ.പി.എഫ് ഓർഗനൈസേഷൻ പരാമർശം (1) പ്രകാരം കത്ത് നൽകിയിരുന്നു.

ബഹു. വൈസ് ചാൻസലറുടെ 13.06.2019 ലെ ഉത്തരവ് പ്രകാരം സർവകലാശാലാ ബാങ്ക് അക്കൗണ്ട് നമ്പറുകൾ ഇ.പി.എഫ് ഓർഗനൈസേഷന് നൽകുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 13.10.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (2) പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുകയുമുണ്ടായി:

"സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ ഇ.പി.എഫ് ഓർഗനൈസേഷന് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

പകർപ്പ്

1. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ
3. എ.സി.സി സെക്ഷൻ
4. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
5 . സ്റ്റോക്ക് ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 16808(A)/2/CTE-EPF/SFI/2019 Approved by DEPUTY REGISTRAR (P & D) on 27-Oct-2020 03:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം